പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6246 02/04/2018 ൽ മറുപടിക്ക്

**ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകുന്ന സാമ്പത്തികസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ മന്ത്രി) | |
| (എ) | ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകുന്ന പ്രതിമാസ സാമ്പത്തികസഹായം വിശദമാക്കാമോ; | (എ) | ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകി വരുന്ന പ്രതിമാസ ധന സഹായ പദ്ധതി പ്രകാരം കോലധാരികൾക്ക് 700/- രൂപയും ആചാരസ്ഥാനികർക്ക് 800/- രൂപയുമാണ് നൽകി വരുന്നത്. |
| | | | (ബി) യും (സി) യും |
| (ബി) | സംസ്ഥാനത്തെ മറ്റ് ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇവർക്കുള്ള സാമ്പത്തികസഹായവും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | | പ്രസ്തുത ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്നതിനും പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങൾ തയ്യാറാക്കി ലഭ്യമായ അപേക്ഷകളടക്കം . പുന:പരിശോധന നടത്തി 2018 മാർച്ച് 31 ന് മുമ്പ് പട്ടിക സർക്കാറിന് സമർപ്പിക്കാൻ മലബാർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ആചാര പ്രകാരം മറ്റ് തൊഴിലുകൾക്ക് പോകാൻ സാധിക്കാത്ത ഈ വിഭാഗത്തിലുള്ളവർക്ക് നൽകി വരുന്ന സാമ്പത്തിക സഹായം മറ്റ് ക്ഷേമ പെൻഷനുകളെപ്പോലെ വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ